സ്റ്റാഫ് ഫിക്സേഷനിലും ഈ ആനുകൂല്യം അനുവദിക്കുകയുണ്ടായി. എന്നാൽ 1995 ജൂലൈ 14-ലെ സ്റ്റാഫ് ഫിക്സേഷനിൽ ഡിവിഷൻഫാൾമൂലം ജോലി നഷ്ടപ്പെട്ട, രണ്ടുംമൂന്നും വർഷം സർവ്വീസുള്ള എയ്ഡഡ് സ്കൂൾ അധ്യാപകർക്കുമാത്രം പ്രൊട്ടക്ഷൻ ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഇത് നീതീകരിക്കത്തക്കതല്ല. 1996 ജൂലൈ 14-ന് സർവ്വീസിലുള്ളവർക്ക് സർവ്വീസിന്റെ കാലദൈർഘ്യം കണക്കിലെടുക്കാതെ പ്രൊട്ടക്ഷൻ നൽകാനുള്ള ഇപ്പോഴത്തെ ഉത്തരവ് 1995 ജൂലൈ 14ന് സർവ്വീസിലുണ്ടായിരുന്ന അധ്യാപകർക്കും അവരുടെ സർവ്വീസിന്റെ കാലദൈർഘ്യം കണക്കിലെടുക്കാതെ പ്രൊട്ടക്ഷൻ നൽകത്തക്കവിധം പരിഷ്കരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അധ്യാപകരുടെ പ്രൊട്ടക്ഷന്റെ കാര്യത്തിൽ വളരെ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്ന ഓർഡർ വളരെ ക്ലിയറാണ്.

Government have further examined the matter in detail and are pleased to order that all aided school teachers who were in service as on 14-7-1996 will be given protection by retaining them in the respective schools subject to the following conditions. ഏതെങ്കിലും ഒരു ഡേറ്റ് എടുക്കണമല്ലോ. 14.7.1995-ലെ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നപ്പോൾ ആരൊക്കെ സർവ്വീസിലുണ്ടായിരുന്നോ അവരെ മുഴുവൻ പ്രൊട്ടക്ട് ചെയ്യും. ബാക്കിയുള്ളവരുടെ കാര്യം ഒന്നുകൂടെ പരിശോധിക്കാം.

(16) ആലുവ-മാർത്താണ്ഡവർമ്മ പാലത്തിന്റെ നിർമ്മാണത്തിൽ ഉണ്ടായിരിക്കുന്ന കാലതാമസം

ശ്രീ. കെ. മുഹമ്മദാലി : സർ, ആലുവ മാർത്താണ്ഡവർമ്മ പാലം പണിയാത്തതുമൂലം ഗതാഗതക്കുരുക്ക് അതീവഗുരുതരമായിരിക്കുകയാണ്. ഈ സാങ്കേതിക പ്രശ്നത്തിന് പരിഹാരമുണ്ടാകാത്തതുമൂലം ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് താമസം വന്നിരിക്കുകയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ ഇതിന്റെ പ്രവർത്തനം ഏറ്റെടുത്ത് നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ആലുവാ - മാർത്താണ്ഡവർമ്മ പാലത്തിന്റെ കാര്യത്തിൽ അദ്ദേഹത്തിന്റെ ക്ഷമ നശിച്ചു, മന്ത്രിയെന്നുള്ള നിലയിൽ മതിലോളം മറിഞ്ഞ് മാറാൻ പറ്റാത്ത നിലയാണുള്ളത്. ഓരോ സാങ്കേതിക കാരണം പറഞ്ഞ് തടയുകയാണ്. കേന്ദ്രമന്ത്രിയുടെ അടുത്തുപോയി ഈ കാര്യം പറഞ്ഞു. ഡിസൈൻ തിരിച്ചയയ്ക്കുകയാണ്; അംഗീകരിക്കുന്നില്ല. അതുകൊണ്ട് റാന്നിപ്പാലത്തിന്റെ കാര്യത്തിൽ ചെയ്തതുപോലെ ഡിസൈനും കൺസ്ട്രക്ഷനും ചേർത്ത് ടെണ്ടർ വിളിക്കാൻ ഇപ്പോൾ തീരുമാനമെടുത്തിരിക്കുകയാണ്. പക്ഷേ വലിയ കമ്പനികളേ എടുക്കുകയുള്ളൂ. ഡിസൈനും കൺസ്ട്രക്ഷനും വീണ്ടും ടെണ്ടർ വിളിക്കാൻ തീരുമാനമെടുത്തിരിക്കുന്നു. അത് pile construction ആയിരിക്കും. ഇപ്പോഴുള്ള വെൽ ഫൗണ്ടേഷനാണെങ്കിൽ നാലുകൊല്ലംകൊണ്ട് തീരുകയില്ല. ഒരു കൊല്ലംകൊണ്ട് തീർക്കത്തക്കവിധത്തിൽ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാൻ നടപടിയെടുത്തുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly